ഉത്തരം

(എ-സി) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C) No.19380/2014 നമ്പർ കേസിന്റെ വാദം നടന്നു വരുന്നതേയുള്ളൂ. ബഹു. സുപ്രീം കോടതിയുടെ 27-4-2015-ലെ ഇടക്കാല ഉത്തരവ് പ്രകാരം കരാറുകാരൻ ചെയ്ത തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തി വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ 19-5-2015-ലെ 31304/പി.എസ്2/13/പൊ.മ.വ. നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, കോഴിക്കോട് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ, കണ്ണൂർ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസ് 13-7-2015-ന് പരിഗണനയ്ക്കായി വച്ചിട്ടുണ്ട്. കേസ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

എൻ.എച്ച്. - 17, എൻ.എച്ച്. - 47 പാതകളുടെ വികസനം

330 (1364) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.-17, എൻ.എച്ച് - 47 എന്നീ പാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹൈവേ അതോറിറ്റി അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ ;

(സി) ഈ പാതകളുടെ വികസനത്തിന് എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; എത്ര ഹെക്ടർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) സ്ഥലമെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്ഥല ഉടമകളുമായി ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടോ ; ഇവർക്ക് സ്വീകാര്യമായ ഒരു പാക്കേജ് തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ഇ) ഈ പാതകളുടെ വികസനം കേന്ദ്രം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച് 47- ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിരുന്നു. ദേശീയപാതകളുടെ വീതി 60 മീറ്റർ ആയിരിക്കണമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിലപാട്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എൻ.എച്ച്. 17-ന്റെയും എൻ.എച്ച്. 47-ന്റെയും വീതി 45 മീറ്റർ ആയി നിജപ്പെടുത്താൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. എൻ.എച്ച് 47-ലെ വാളയാർ മുതൽ അത്താണി വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരികയാണ്. എൻ.എച്ച്. 47-ലെ കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള (തിരുവനന്തപുരം ബൈപ്പാസ്) ഭാഗത്തെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ഭാഗം നാല് വരിയായി വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി 669.06 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. മുക്കോല മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് നടപടികളും പൂർത്തീകരിച്ചുവരുന്നു. എൻ.എച്ച്. 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച്. 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഈ ഭാഗത്തെ വികസനത്തിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറിയിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തെ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതാണെന്ന് ഉറപ്പുനൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഈ ഉറപ്പിന്മേൽ ദേശീയപാത വികസന പദ്ധതിയിൽനിന്നും പിന്മാറിയ തീരുമാനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ദേശീയപാതയ്ക്കുവേണ്ടി ഇനി ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തലപ്പാടി - കണ്ണൂർ- 303.27 ഹെക്ടർ

കണ്ണൂർ-വെങ്ങളം-248.58 ഹെക്ടർ

വെങ്ങളം-കുറ്റിപ്പുറം-143.19 ഹെക്ടർ

കുറ്റിപ്പുറം-ഇടപ്പള്ളി-282.20 ഹെക്ടർ

ചേർത്തല-ഓച്ചിറ-114.00 ഹെക്ടർ

ഓച്ചിറ-കഴക്കൂട്ടം-142.00 ഹെക്ടർ

തിരുവനന്തപുരം ബൈപ്പാസിലെ മുക്കോല മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെ 96.034 ഹെക്ടർ സ്ഥലമെടുപ്പ് പൂർത്തിയായിവരുന്നു.

(ഡി) ദേശീയപാത വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956-ലെ എൻ.എച്ച്. ആക്ട് പ്രകാരമാണ്. എന്നാൽ 1-1-2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement (RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്ഥലമെടുപ്പിലെ കാലതാമസം കാരണം എൻ.എച്ച് 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച് 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസന പദ്ധതിയിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറിയ തീരുമാനം പിൻവലിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

മിഷൻ 676-സ്പീഡ് കേരള പദ്ധതി

331 (1365) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly